പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ജൂൺ 13, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

11 (*91) സ്കൂൾ ഫെയറുകൾ

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, 1998 മുതലാണ് സ്കൂൾ വിപണിയിലെ നോട്ട് ബുക്കുകളുടെ വിലവർദ്ധനവ് പിടിച്ചുനിർത്താൻ സപ്ലൈകോ ശബരി ബ്രാൻഡ് നോട്ട് ബുക്കുകളുമായി സ്കൂൾ ഫെയറുകൾ സംഘടിപ്പിച്ചുതുടങ്ങിയതെന്ന് സഭയെ അറിയിച്ചു. സപ്ലൈകോയുടെ വിൽപ്പനശാലകളോടനുബന്ധിച്ചാണ് എല്ലാ വർഷവും സ്കൂൾ ഫെയറുകൾ സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്കാവശ്യമായ നോട്ട് ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രമെന്റ് ബോക്സ്, ബാഗ്, കുട തുടങ്ങിയവ 20% വിലക്കുറവിൽ സപ്ലൈകോ സ്കൂൾ ഫെയറുകൾ വഴി ലഭ്യമാക്കിവരുന്നു. 2011-12 അദ്ധ്യയന വർഷത്തിൽ 243.89 ലക്ഷം രൂപയുടെയും 2012-13 അദ്ധ്യയന വർഷത്തിൽ 244.25 ലക്ഷം രൂപയുടെയും ശബരി നോട്ട് ബുക്ക്

സ്കൂൾ ഫെയറുകൾ വഴിയും സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴിയും വിറ്റഴിച്ചിട്ടുണ്ട്. 2013 വിദ്യാലയ വർഷാരംഭത്തിനുമുമ്പുതന്നെ സ്കൂൾ ഫെയറുകൾ ആരംഭിക്കുകയും പഠനോപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. സ്കൂൾ ഫെയറുകൾ ജൂൺ മാസം 15-ാം തീയതി വരെ തുടരാനാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിലും ആവശ്യമെങ്കിൽ അത് എക്സ്ടെന്റ് ചെയ്യുന്ന കാര്യം പരിഗണിക്കും. സ്കൂൾ ഫെയറുകളിലൂടെ വിതരണം ചെയ്യുന്ന ചില സാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴിയും വിതരണം ചെയ്യുന്ന കാര്യവും സെൻട്രലൈസ്ഡ് പർച്ചേസിലൂടെ അവ ലഭ്യമാക്കുന്ന കാര്യവും പരിശോധിക്കും. ഓണം തുടങ്ങിയ ഉത്സവകാലങ്ങളിൽ സ്കൂൾ കുട്ടികൾക്ക് 5 കിലോഗ്രാം അരി വീതം വിതരണം ചെയ്യുന്ന പദ്ധതി ഈ വർഷവും നിർബ്ബാധം തുടരുന്നതാണ്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത 60 പഞ്ചായത്തുകളിൽ മുൻഗണനാക്രമമനുസരിച്ച് അവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഉത്സവ സീസണുകളോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ഫെയറുകൾ കുറേക്കൂടി കാര്യക്ഷമമാക്കുന്നതും റംസാനോടനുബന്ധിച്ച് മലബാർ മേഖലയിൽ പ്രത്യേക ഫെയറുകൾ സംഘടിപ്പിക്കുന്നതും പരിഗണനയിലാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

12 (*92) <u>ദേശീയപാതകളിലെ മേൽപ്പാലങ്ങൾ</u>

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ദേശീയപാതകളിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ച 9 റെയിൽവേ മേൽപ്പാലങ്ങളിൽ പടന്നക്കാട്, ഇടപ്പള്ളി എന്നിവ ദേശീയപാത വിഭാഗവും വെങ്ങളം, വെങ്ങോലി, നന്തിബസാർ, ചെങ്ങോട്ട്ക്കാവ്, മുഴുപ്പിലങ്ങാട്, പാലക്കാട് വിക്ടോറിയ

കോളേജ്, തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ എന്നിവ ആർ.ബി.ഡി.സി.കെ.-യുമാണ് നിർമ്മിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. ആർ.ബി.ഡി.സി.കെ.-യുടെ നിർമ്മാണ പ്രവർത്തികൾക്ക് ബഡ്ജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വരൂപിക്കുകയും പ്രസ്തുത തുക ടോൾ പിരിവിലൂടെ തിരിച്ചടയ്ക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതിയോടെ ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ച ദേശീയപാത 213-ൽ അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിലെ റെയിൽവേ ഭാഗത്തിന്റേതൊഴികെയുള്ള പണികൾ 15 മാസത്തിനകം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലപ്പുഴ ബൈപ്പാസിൽ രണ്ട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം സംസ്ഥാന വിഹിതത്തോടുകൂടി പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്; പണി ആരംഭിച്ചാൽ 30 മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ചകൾ നടന്നുവരികയാണ്. റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ ചെലവിന്റെ 50%-ഉം ലാന്റ് അക്വിസിഷനുള്ള ചെലവും സംസ്ഥാന ഗവൺമെന്റും പാലം നിർമ്മാണത്തിന്റെ ചെലവിന്റെ 50% കേന്ദ്ര ഗവൺമെന്റുമാണ് വഹിക്കുന്നത്. പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ, കളമശ്ശേരിയിലെ പ്രീമിയർ ജംഗ്ഷൻ എന്നിവിടങ്ങളിൽ ഫ്ളൈഓവറുകൾ നിർമ്മിക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. എൻ.എച്ച്. 17-ന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുചേർക്കും.

ഇടപ്പള്ളിയിൽ 148.77 കോടി രൂപ ചെലവിൽ ഒരു ഫ്ളൈഓവർ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ ജോലികൾ ഡി.എം.ആർ. സി.യെ ഏൽപ്പിച്ചിരിക്കുകയാണ്. ടൗണുകളിൽ റോഡ് ക്രോസ്സിംഗിന് സ്കൈവാക്കുകൾ നിർമ്മിക്കാനും ബൈപ്പാസ് നിർമ്മിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ ഫ്ളൈഓവറുകളും റെയിൽവേ ഓവർബ്രിഡ്ജുകളും സ്ഥാപിച്ച് ചെറിയ പട്ടണങ്ങളിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും ഉദ്ദേശി ക്കുന്നുവെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*93) <u>പ്രവേശന പരീക്ഷകൾക്ക് സർക്കാർ തലത്തിൽ പരിശീലനം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപ ടിയിൽ, സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്ലസ് ടൂ വിദ്യാർത്ഥികളെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഉയർന്ന വിജയം നേടുന്നതിന് സജ്ജരാക്കുന്നതിനായി, വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയ അദ്ധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതിന് സർക്കാർ 'പൊതുപ്രവേശന പരീക്ഷാ പരിശീലന പദ്ധതി' (പി.ഇ.ഇ.സി.എസ്.) നടപ്പിലാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നുള്ള, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷാപരിശീലനം ലഭ്യമാക്കി പൊതു പ്രവേശന പരീക്ഷയ്ക്ക് സജ്ജരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയ അദ്ധ്യാപകരുമായി സംവേദി ക്കുവാനും, മാതൃക ചോദ്യാവലികളുടെ സഹായത്തോടേ പരിശീലിക്കു വാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു. വിക്ടേഴ്സ് ചാനലിലൂടെ നിശ്ചിത

സമയങ്ങളിൽ വിദഗ്ദ്ധരായ അദ്ധ്യാപകരുടെ ക്ലാസുകൾ സംപ്രേഷണം ചെയ്യും. കൂടാതെ മാതൃകാചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ലഭിക്കുന്നതിനും അതതുവിഷയങ്ങളിലെ വിദഗ്ദ്ധരുടെ സഹായത്തോടെ സംശയ ദൂരീകരണത്തിനും ഈ പദ്ധതിക്കായി രൂപം കൊടുക്കുന്ന വെബ്സൈറ്റിന്റെ സേവനം ഉപയുക്തമാക്കാവുന്നതാണ്. ഇതിനായി ഓരോ വിദ്യാർത്ഥിക്കും പ്രത്യേകം 'ലോഗ് ഇൻ ഐ.ഡി/പാസ്‌വേർഡ്' ലഭ്യമാക്കുന്നതാണ്. ഏതാണ്ട് മൂന്ന് ലക്ഷം വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളും ഐ.ടി. അറ്റ് സ്കൂൾ, കെൽട്രോൺ, വിക്ടേഴ്സ് ചാനൽ തുടങ്ങിയ സ്ഥാപനങ്ങളും ഈ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. സിവിൽ സർവ്വീസ് പരീക്ഷകളിൽ കൂടുതൽ കുട്ടികൾക്ക് പരിശീലനം നൽകാൻ വേണ്ട നടപടി സ്വീകരിച്ചുവരികയാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

14 (*94) <u>പുതിയ താലൂക്കുകളുടെ രൂപീകരണം</u>

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിൻപ്രകാരം സംസ്ഥാനത്ത് 12 പുതിയ താലൂക്കുകൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അവയിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകൾ, താലൂക്ക് ആസ്ഥാനം എന്നിവ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. നിയമസഭാ മണ്ഡലങ്ങൾ പുന:സംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങൾകൂടി കണക്കിലെടുത്താണ് പുതിയ താലൂക്കുകൾ രൂപീകരിച്ചിട്ടുള്ളത്.

താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ചുവരികയാണ്. പുതുതായി ഏതെങ്കിലും താലൂക്കുകൾ പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30 പുതിയ വില്ലേജുകൾ രൂപീകരിക്കുകയുണ്ടായി. കൃത്യമായ മാനദണ്ഡം പാലിച്ചുകൊണ്ടുമാത്രമാണ് താലൂക്ക്/വില്ലേജ് രൂപീകരണം നടന്നിട്ടുള്ളതെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 968 മുതൽ 1292 വരെയുള്ള ചോദ്യങ്ങളിൽ 38 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)